Kerala Kaumudi 04-09-18, P-04

# ‘ഇലപൊഴിയും’ പ്രളയത്തിൽ വിറങ്ങലിച്ച് റബർ മരങ്ങൾ

## ■ റബർ ഉത്പാദന മേഖലയിൽ നഷ്ടം 1500 കോടി

▶ എ.ആർ.വിജയൻ



കൊച്ചി: പ്രളയവെള്ളത്തിൽ സംസ്ഥാനത്തെ റബർ തോട്ടങ്ങൾ മുങ്ങിയതോടെ റബർ മേഖല ഉത്പാദന പ്രതിസന്ധിയിൽ.

സാധാരണ ഡിസംബർ, ജനവരി മാസങ്ങളിൽ കണ്ടുവരാറുള്ള ഇലപൊഴിക്കൽ പ്രതിഭാസം നേരത്തെയെത്തിയതാണ് തോട്ടങ്ങൾക്ക് വിനയായത്.

കോട്ടയം, എറണാകുളം, ഇടുക്കി, പത്തനംതിട്ട, കണ്ണൂർ മേഖലകളിലെ മിക്ക റബർ തോട്ടങ്ങളെയും ഇത് ബാധിച്ചിട്ടുണ്ട്.

വെള്ളപ്പൊക്കത്തിൽ പെടാത്ത റബർ എസ്റ്റേറ്റുകളിലും തുടർച്ചയായ മഴയിൽ മരങ്ങൾ ഇലപൊഴിച്ചു നിൽക്കുകയാണ്.

### വില കൂടിയിട്ടും കർഷകന് ഗുണമില്ല

മഴയെത്തും മുമ്പേ കർഷകർ ബോർഡോ മിശ്രിതം ഇലകളിൽ തളിച്ചിരുന്നുവെങ്കിലും തുടർച്ചയായ മഴ കാരണം പ്രയോജനം ലഭിക്കാതെ പോയി. സാധാരണ മഴക്കാലത്ത് പട്ടക്ക് പ്ലാസ്റ്റിക് ആവരണം നല്കി ചെറുമഴയിൽ ടാപ്പിങ്ങ് നടത്തിയിരുന്നുവെങ്കിലും ഈ സീസണിൽ ഇത് കാര്യമായ ഗുണം ചെയ്തില്ല.

പട്ടമരവിപ്പ് അടക്കമുള്ള പ്രശ്നങ്ങളും പലയിടത്തും ഉണ്ടെന്ന് കർഷകർ ചൂണ്ടിക്കാട്ടുന്നു. പത്തനംതിട്ടയടക്കമുള്ള വലിയ രീതിയിൽ വെള്ളപ്പൊക്കം ഉണ്ടായ പ്രദേശങ്ങളിൽ തോട്ടങ്ങളിൽ അടിഞ്ഞുകൂടികിടക്കുന്ന മണ്ണ് നീക്കം ചെയ്യുന്നതിനും പല കടമ്പകളും ഉണ്ട്. ഉല്പാദനം കുറഞ്ഞതോടെ റബറിന് കമ്പോളത്തിൽ വില കൂടിയെങ്കിലും അതിന്റെ പ്രയോജനം 40 ശതമാനം കർഷകർക്കേ കിട്ടുന്നുള്ളൂ.

### “ ടാപ്പിംഗ് തുടരണം

ഫംഗസ് ബാധ പാലുത്പാദനത്തെ ബാധിക്കും. റബർ വില ഇപ്പോൾ കൂടിയിട്ടുണ്ട്. ഈ വില പിടിച്ചുനിർത്താൻ സാധിച്ചാൽ മാത്രമേ പ്രയോജനം ലഭിക്കൂ. ടാപ്പിംഗ് തുടരുന്നതിന് ഇത് ആവശ്യമാണ്.

*ജോർജ്.വി, മുൻ പ്രസിഡന്റ്,*
*ഇന്ത്യൻ റബർ ഡീലേഴ്സ് ഫെഡറേഷൻ*

### “ നഷ്ടപരിഹാരം തീരുമാനിക്കും

ഇലപൊഴിക്കൽ പ്രതിഭാസം കേരളത്തിലെ പല മേഖലകളിലും നടന്നിട്ടുണ്ട്. മഴക്കെടുതി മൂലം റബറിനുണ്ടായ നഷ്ടം 1500 കോടി രൂപയാണെന്നാണ് പ്രാഥമിക വിലയിരുത്തൽ. രണ്ടാഴ്ചയ്ക്കുള്ളിൽ ഇതിന്റെ സർവവേ പൂർത്തിയാകും. അതിന്റെ അടിസ്ഥാനത്തിൽ കർഷകർക്കുള്ള നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ ബോർഡ് യോഗം ചേർന്ന് തീരുമാനിക്കും. ഉത്പാദനം കൂട്ടാനാവശ്യമായ നടപടികളും ബോർഡിന്റെ ഭാഗത്തു നിന്നുണ്ടാകും.

*ഡി.ആനന്ദ്, ചെയർമാൻ റബർ ബോർഡ്*

### വില്ലൻ ഫംഗസ് ബാധ

ഫംഗസ്ബാധയാണ് ഇലപൊഴിയിലിന് കാരണമെന്നാണ് റബർ ബോർഡ് നൽകുന്ന വിശദീകരണം . ഇതു മൂലം റബർ പാൽ ഉല്പാദനത്തിൽ കുറവുണ്ടായി. 1500 കോടിയോളം രൂപയുടെ നഷ്ടം ഉണ്ടാക്കിയെന്നാണ് ബോർഡിന്റെ പ്രാഥമിക വിലയിരുത്തൽ. 7 ലക്ഷം ടൺ സ്വാഭാവിക റബർ ഉല്പാദനം പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് അത് ഒരു ലക്ഷം ടണ്ണിലേക്ക് താഴുമെന്നാണ് റബർ ബോർഡിന്റെ ആശങ്ക. കൃത്യമായ വിലയിരുത്തലിന് രണ്ടാഴ്ച്ചയെങ്കിലും എടുക്കും.